II ഇ.ബി. XII - കേരള നിയമസഭ/VII-4

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2008 ഫെബ്രുവരി 28, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

14 (*91) അദ്ധ്യാപക നിയമനത്തിന് യോഗ്യതാ പരീക്ഷ

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) നൽകിയ മറുപടിയിൽ, എയിഡഡ് സ്ക്കൂളുകളിൽ നടക്കുന്ന അദ്ധ്യാപക നിയമനരീതിക്ക് മാറ്റം വരുത്തുവാൻ ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ലെന്നും ഹയർ സെക്കന്ററി സ്ക്കൂൾ നിയമനത്തിന് അടിസ്ഥാന യോഗ്യതയായി സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) നിലവിലുണ്ടെന്നും സഭയെ അറിയിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നും യോഗ്യത നേടുന്നവർക്ക് ഒരു മിനിമം യോഗ്യത ഉറപ്പുവരുത്താനാണ് ഇത് ചെയ്യുന്നത്. ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ പുതുതായി വരുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും (സ്വാശ്രയമടക്കം) പഠിച്ചു വരുന്നവർക്ക് പൊതുനിലവാരമുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ഹയർ സെക്കന്ററിയിലേതുപോലെ എയിഡഡ് സ്കൂളുകളിലേയ്ക്കുള്ള അദ്ധ്യാപക നിയമനത്തിലും ഒരു യോഗ്യതാ പരീക്ഷയാകാം എന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. കെ.ഇ.ആർ.

പരിഷ്ക്കരണത്തിനുവേണ്ടി നിയോഗിച്ച സി.പി. നായർ കമ്മിറ്റിയും ഈ നിർദ്ദേശം വച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു നിലപാട് എടുത്തിട്ടില്ല. അൺ എയിഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ പഠിക്കാനും നിർദ്ദേശങ്ങൾ നൽകാനുമായി നിയോഗിച്ച കമ്മിറ്റിയോട് അദ്ധ്യാപന നിലവാരം പരിരക്ഷിക്കാനാവശ്യമായ നിർദ്ദേശങ്ങൾ കൂടി സമർപ്പിക്കുവാൻ ആവശ്യപ്പെടുന്നതാണ്. ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്താൻവേണ്ടി പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുക, അദ്ധ്യാപകർക്ക് മികച്ച പരിശീലനം നൽകുക, ചുരുങ്ങിയത് 200 ദിവസമെങ്കിലും സ്കൂളുകളിൽ അദ്ധ്യയനം നടത്തുക തുടങ്ങി ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ സർക്കാർ നടത്തുന്നുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്തെ നിലവാരത്തകർച്ച ഒഴിവാക്കാൻവേണ്ടിയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുള്ളത്. എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിൽ റിസർവേഷൻ മാനദണ്ഡങ്ങൾ പാലിക്കുന്നതുസംബന്ധിച്ച് വ്യാപകമായ ചർച്ച നടത്തിമാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. സി.പി. നായർ കമ്മിറ്റി ഈ ഘടകംകൂടി പരിഗണിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മേഖലയിൽ സംവരണം പാലിക്കാതിരിക്കുന്നതിനെ ഒരു കാരണവശാലും ഗവണ്മെന്റ് അംഗീകരിക്കുകയില്ല; സംവരണം ഉറപ്പാക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നത്. എസ്.സി.ഇ.ആർ.ടി.യുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളുമായി ഈ ഗവണ്മെന്റ് മുന്നോട്ടുപോകുകയാണ്. ആധുനികവീക്ഷണവും ട്രെൻഡും മനസ്സിലാക്കി പാഠ്യപദ്ധതി പരിഷ്ക്കരണത്തിനും അദ്ധ്യാപകർക്ക് മികച്ച പരിശീലനം നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്. ഗവണ്മെന്റ് സ്കൂളു

കളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ കൂട്ടായ പ്രവർത്തനം ആവശ്യമാണ്. സ്കൂൾ നിയമനങ്ങളിലെ കോഴ സംപ്രദായം പൂർണ്ണമായും തുടച്ചുനീക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗവണ്മെന്റ് മുന്നോട്ടു പോകുന്നത്. ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന്റെ യോഗ്യതാ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ആക്ഷേപ ങ്ങൾ പരിശോധിച്ച് വേണ്ട തീരുമാനം കൈക്കൊള്ളുന്നതാണ്. എയിഡഡ് സ്കൂളുകളിലും ഗവണ്മെന്റ് സ്കൂളുകളിലും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളില്ലെന്നുകണ്ടാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത സ്കൂളുകളിലെ മൂത്രപ്പുരകളുടെ കാര്യം ഗൗരവമായി പരിശോധിക്കുന്ന താണ്. വിദ്യാഭ്യാസ ഗുണനിലവാരവുമായി ബന്ധപ്പെട്ടുകൊണ്ട് ഈ അക്കാഡമിക് വർഷം ആരംഭിക്കുന്നതിനുമുമ്പായി കേരളത്തിന്റെ ചരിത്ര ത്തിൽ ആദ്യമായി, ഒന്നുമുതൽ പന്ത്രണ്ടു വരെ ക്ളാസ്സുകളിൽ പഠിപ്പിക്കുന്ന മുഴുവൻ അദ്ധ്യാപകർക്കും വ്യത്യസ്ത തലങ്ങളിൽ (ക്ളസ്റ്റർ യോഗങ്ങൾ ഉൾപ്പെടെ) 4 ദിവസത്തെ പരിശീലനം നൽകുന്നതാണ്. അദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടി തുടർന്നും നടത്തുന്നതാണ്. ഗവണ്മെന്റിന്റെ അനുവാദമില്ലാതെ അൺ എയിഡഡ് മേഖലയിൽ തുടങ്ങിയിട്ടുള്ള സ്കൂളു കൾക്ക് ജീവകാരുണ്യ പരിഗണന വച്ചുകൊണ്ട് കഴിഞ്ഞവർഷം അംഗീകാരം കൊടുത്തുവെങ്കിലും ആ പ്രവണത തുടർന്നു കൊണ്ടുപോകാൻ ഗവണ്മെന്റിന് ബുദ്ധിമുട്ടുണ്ട്. തങ്ങളുടെ മക്കളെ അംഗീകാരമില്ലാത്ത സ്കൂളുകളിലാണ് പ്രവേശിപ്പിച്ചിരിക്കുന്നതെന്ന് രക്ഷിതാക്കളെ പത്രപരസ്യ ത്തിലൂടെയും മറ്റും വ്യാപകമായ പ്രചരണം നടത്തി ബോധ്യപ്പെടുത്തിയാൽ ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കു ന്നത്. പ്രതിപക്ഷവും മാനേജുമെന്റുകളും മറ്റെല്ലാ സംഘടനകളുമായി ചർച്ച

നടത്തി സാമൂഹികമായ സമവായമുണ്ടാക്കിയശേഷമേ സി.പി. നായർ കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കൂ. പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി അവതരിപ്പിച്ച് പാസ്സാക്കിയ വിദ്യാഭ്യാസ ബില്ലിലെ 11-ാം വകുപ്പിൽ പി.എസ്.സി. തയ്യാറാക്കുന്ന ലിസ്റ്റിൽനിന്നും മാനേജുമെന്റുകൾക്ക് അദ്ധ്യാപകരെ നിയമിക്കാമെന്നുള്ള വ്യവസ്ഥയുണ്ടായിരുന്നു. അത് സുപ്രീംകോടതി അംഗീകരിച്ചതാണ്. അദ്ധ്യാപക നിയമനത്തെ സംബന്ധിച്ച് ഒരു കമ്മിറ്റി ഗവണ്മെന്റിന് റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. അതുസംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഇപ്പോൾ അദ്ധ്യാപക നിയമനത്തിൽ യാതൊരുവിധ നിരോധനവും നിലവിലില്ല. അതേസമയം തസ്തികകൾ സംബന്ധിച്ച് നിലനിൽക്കുന്ന തർക്കങ്ങളും മറ്റും നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് സൂക്ഷ്മമായി പരിശോധിച്ചേ പരിഹരിക്കാൻ സാധിക്കൂ. പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പഠനസമയം ഒഴിച്ചുള്ള സമയങ്ങളിൽ സൗജന്യസേവനം നടത്തുന്ന ബി.എഡ്; ടി.ടി.സി യോഗ്യതയുള്ളവർക്ക് പുതുതായി നിയമനം നടത്തുന്ന ഘട്ടത്തിൽ ഈ പ്രവൃത്തിപരിചയം ഒരു അഡീഷണൽ ക്വാളിഫിക്കേഷനായി പരിഗണിക്കുന്നതാണ്. വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്താൻ ഷിഫ്റ്റ് സംപ്രദായം നിർത്തലാക്കേണ്ടത് ആവശ്യമാണ്. അക്കാര്യത്തിൽ ഗവണ്മെന്റ് വളരെ പ്രായോഗികമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ദേശീയ നിലവാരമുള്ള സിലബസ് നല്ലതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

15 (*92) സർവ്വകലാശാലകളുടെ സാമ്പത്തിക പ്രതിസന്ധി

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2004-ലെ ശമ്പള പരിഷ്ക്കരണം, പെൻഷൻ പരിഷ്ക്കരണം, ക്ഷാമബത്താ വർദ്ധനവ്, പരീക്ഷാ നടത്തിപ്പിലെ ചെലവിലുണ്ടായ വർദ്ധനവ്, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ കാരണങ്ങളാൽ കേരളത്തിലെ സർവ്വകലാശാലകൾ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്ത് പുതുതായി സ്പെഷ്യലൈസ്ഡ് സർവ്വകലാശാലകൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലില്ല. പുതിയ പഞ്ചവൽസര പദ്ധതിയിൽ പ്രധാനമന്ത്രിയും പ്ളാനിംഗ് കമ്മീഷൻ വൈസ് ചെയർമാനുമൊക്കെ മുൻകൈയെടുത്തു കൊണ്ട് വിദ്യാഭ്യാസത്തിന് വകയിരുത്തിയ തുക വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും കൂട്ടായി ഇടപെട്ട് ഉന്നതവിദ്യാഭ്യാസരംഗത്ത് കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിന് കേന്ദ്ര സഹായം നൽകണമെന്നഭ്യർത്ഥിക്കേണ്ടതുണ്ട്. സംസ്ഥാന ഗവണ്മെന്റ് സർവ്വകലാശാലകളുടെ സാമ്പത്തിക നീക്കിയിരിപ്പ് വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്രഗവണ്മെന്റ് ഉന്നതവിദ്യാഭ്യാസ രംഗത്ത് ചില പുതിയ കാഴ്ചപ്പാടുകൾ മുന്നോട്ടുവച്ചിട്ടുണ്ട്. പണം വകയിരുത്തുന്നതുസംബന്ധിച്ചും ഇൻഡ്യയിലെ സർവ്വകലാശാലകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതുസംബന്ധിച്ചും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും പ്ളാനിംഗ് കമ്മീഷന്റെ പ്രതിനിധികളും വൈസ്ചാൻസലർമാരുടെ സമ്മേളനത്തിൽ ചർച്ച ചെയ്ത് അംഗീകരിച്ചതാണ്. ആ ചർച്ചയിൽ അംഗീകരിച്ചിട്ടുള്ള തത്വങ്ങൾ പ്രയോഗത്തിൽ വരുത്തുകയാണെങ്കിൽ കേരളത്തിലും ഇന്നുള്ള സർവ്വകലാശാലകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടിവരും. സംസ്ഥാനത്ത് ഭാഷാടിസ്ഥാനത്തിലുള്ള സർവ്വകലാശാലയാണോ അതോ മലയാളഭാഷയുടെ പഠ

നത്തിനും ഉന്നതനിലവാരത്തിനും പ്രാധാന്യം നൽകുന്ന ഒരു സെന്റർ ഓഫ് എക്സലൻസ് സർവ്വകലാശാലയുടെ ഭാഗമായി വികസിപ്പിച്ചെടുക്കുക യാണോ വേണ്ടത് എന്നുള്ള കാര്യം ഗവണ്മെന്റ് ആലോചിക്കുന്നുണ്ട്. കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി ലഭിച്ച ഗ്രാന്റ് കാര്യവട്ടം യൂണിവേഴിസിറ്റി സെന്ററിൽ തറക്കല്ലിട്ട കെട്ടിടം പൂർത്തിയാക്കുന്നതിന് വിനിയോഗിക്കണമെന്ന ആവശ്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

16 (*93) <u>രാഷ്ട്രീയ കൃഷി വികാസ് യോജന</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ മാർഗ്ഗരേഖ അനുസരിച്ച് 4 ശതമാനം വളർച്ചാ നിരക്ക് കാർഷിക മേഖലയിൽ നേടിയെടുക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് സ്വാതന്ത്ര്യമുണ്ടെന്ന് സഭയെ അറിയിച്ചു. ആ രീതിയിലാണ് സംസ്ഥാനത്ത് ഈ പദ്ധതി രൂപീകരിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേക പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. 66.03 കോടി രൂപയുടെ പദ്ധതികൾ സമർപ്പിക്കുകയും അതിൽ 60 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പുസംബന്ധിച്ച് കർഷകരുമായും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, മറ്റു ജനപ്രതിനിധികൾ എന്നിവരുമായും ചർച്ച നടത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് ജില്ലയിലുള്ള കർഷകരുമായും ത്രിതലപഞ്ചായത്ത് സംവിധാനങ്ങളുമായും ആലോചിച്ചാണ് പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. മൃഗ

സംരക്ഷണ-മൽസ്യസംരക്ഷണ വികസനത്തിനുവേണ്ടി ഈ പദ്ധതിയിൽ 1942.60 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് അവർ തന്ന നിർദ്ദേശം അനുസരിച്ചാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഭക്ഷ്യോൽപാദന മേഖലയായ നെല്ല്, പയർ, എണ്ണക്കുരു എന്നിവയ്ക്ക് 60 കോടി രൂപയിൽ ഇരുപത്തിനാലരക്കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ വർഷത്തെ പദ്ധതിയിൽ വിപണനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പങ്കില്ലെങ്കിലും വരുന്ന വർഷത്തെ പദ്ധതിയിൽ ആ കാര്യം ഉൾപ്പെടുത്തുന്നതാണ്. 4 ശതമാനം വളർച്ചാ നിരക്ക് തുടർച്ചയായി ഉണ്ടാക്കിയാലേ അധികം തുക അടുത്ത വർഷം കിട്ടുകയുള്ളൂ. വരുന്ന വർഷം ഈ പദ്ധതിക്ക് പരമാവധി തുക നേടിയെടുക്കുന്നതിനുള്ള ചർച്ചകൾ നടത്തുന്നതാണ്. ഈ പദ്ധതിയുടെ 75 ശതമാനം തുക കേന്ദ്ര നിർദ്ദേശാനുസരണം ചെലവഴിക്കാനും 25 ശതമാനം സംസ്ഥാന പദ്ധതികൾക്ക് കുറവു വരുന്നതിൽ ഉപയോഗിക്കാനുമാണ്. ജില്ലകൾക്കായി പതിനഞ്ചേ കാൽ കോടി രൂപ അനുവദിച്ചു കിട്ടിയത് ഈ മാസം വിതരണം ചെയ്യുന്നതാണ്. ഈ പദ്ധതിയിൽ ഓരോ ജില്ലയ്ക്കും അനുയോജ്യമായ വിളകൾ തെരഞ്ഞെടുത്ത് പ്രോജക്ട് തയ്യാറാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്ന് ഒരുപ ചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട 94 മുതൽ 120 വരെയുള്ള (27) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 781 മുതൽ 1069 വരെയുള്ള (289) ചോദ്യങ്ങൾക്കും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)